പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3344 24.02.2016-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

**ചോദ്യം**

ശ്രീ. രാജു എബ്രഹാം :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുനലൂരിൽ നിന്നും പത്തനംതിട്ട-റാന്നി-എരുമേലി വഴി പൊൻകുന്നത്തേക്കും മുണ്ടക്കയത്തേയ്ക്കും കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിക്കുമ്പോൾ എത്ര ഷെഡ്യൂളുകളായിരുന്നു ഓരോ ഭാഗത്തേയ്ക്കും ഉണ്ടായിരുന്നതെന്ന് അറിയിയ്ക്കുമോ; ഇതിനായി എത്ര ബസുകളാണ് വിവിധ ഡിപ്പോകളിൽ നിന്നും അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പുനലൂർ മുണ്ടക്കയം ചെയിൻ സർവ്വീസിന് 15 ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നത്. പുനലൂർ നിന്നും 2-ഉം പൊൻകുന്നത്ത് നിന്നും 7-ഉം പത്തനംതിട്ട നിന്നും 6-ഉം എന്ന രീതിയിൽ സർവ്വീസ് നടത്തുന്നതിനാണ് അനുവാദം നൽകിയിരുന്നത്.<br>ടി ചെയിൻ സർവ്വീസിനായി പുനലൂർ ഡിപ്പോയ്ക്ക് 2-ഉം പൊൻകുന്നം ഡിപ്പോയ്ക്ക് 7-ഉം പത്തനംതിട്ടയ്ക്ക് 6-ഉം ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇപ്പോൾ നിലവിൽ ഈ റൂട്ടുകളിൽ ദിവസേന എത്ര ഷെഡ്യൂളുകൾ ഉണ്ടെന്നും എത്ര ബസുകൾ ഇതിനായി ഉപയോഗിക്കുന്നുണ്ടെന്നും വിശദമാക്കാമോ; | (ബി) | ബസ്സിന്റെ കുറവ് മൂലം പൊൻകുന്നം യൂണിറ്റിലെ ഒരു ഷെഡ്യൂൾ താൽക്കാലികമായി നിർത്തി വച്ചിട്ടുണ്ട്. അതോടൊപ്പം ഇതര യൂണിറ്റുകളിലും ബസ്സിന്റെ കുറവ് മൂലം ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാറില്ല. ടി റൂട്ടിൽ അനുവദിച്ചിട്ടുള്ള 15 ഷെഡ്യൂളുകൾക്ക് 15 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | ലാഭകരമായി സർവ്വീസ് നടത്തിയിട്ടും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കാമോ; ഷെഡ്യൂളുകൾ വെട്ടിക്കുറച്ചതു വഴി ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ബസ്സിന്റെ കുറവ് മൂലമാണ് ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ നടത്തുവാൻ കഴിയാതിരിക്കുന്നത്. കൂടുതൽ ബസ് ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് പൂർണ്ണമായും നടത്തുവാൻ കഴിയുന്നതോടു കൂടി ജനങ്ങൾക്ക് ഉണ്ടാകുന്ന യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ